**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5700** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കായുള്ള പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർക്കാർ 2016 മേയ് മാസം മുതൽ 2021 ജൂൺ മാസം വരെ മത്സ്യത്തൊഴിലാളികൾക്കായി വിവിധ ബജറ്റുകളിൽ അയ്യായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നാളിതുവരെ പൂർത്തിയായി എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് തീരദേശ വികസനത്തിനായി നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 1321.21 കോടി രൂപ വകയിരുത്തുകയും 1258.52 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 2018-ൽ ഉണ്ടായ ഓഖി ദുരന്തത്തിനുശേഷം പ്രഖ്യാപിച്ച രണ്ടായിരം കോടി രൂപയുടെ പാക്കേജ് നാളിതുവരെ നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതി നായി മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. വിദഗ്ദ്ധ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡ് തല വിവരങ്ങൾ ശേഖരി ക്കേണ്ടതും അനിവാര്യമായിരുന്നു. ഇതിലേയ്ക്കായി ജീവനോപാധി സംബന്ധിച്ച് പഠനങ്ങൾ നടത്തുന്നതിന് IRMA യെയും Basic human needs, Central Infrastructure, Human Development, Social Service, Self Help Group, Disaster Management എന്നിവ സംബന്ധിച്ച പഠനങ്ങൾ നടത്തുന്നതിന് TISS-നെയും ചുമതലപ്പെടുത്തുകയും പഠനങ്ങൾ ക്കായി 2 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. TISS മായുള്ള MoUഒപ്പ് വെയ്ക്കുകയും ഫീൽഡ് തല പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. IRMA യുമായി ധാരണാപത്രം ഒപ്പ് വെച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. Detailed Project Report മൂന്ന് ഘട്ടങ്ങളായി തയ്യാറാക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും ആവശ്യമായ Expression |

| | | | |
|---|---|---|---|
| | | | of Interest –കൾ ലഭിച്ചിരുന്നില്ല. ആയതിനാൽ ജീവനോപാധി പദ്ധതികൾക്ക് മാത്രമായി പിന്നീട് Expression of Interest ക്ഷണിച്ചിരുന്നുവെങ്കിലും മത്സര സ്വഭാവമുള്ള Expression of Interest ലഭ്യമായിരുന്നില്ല. പ്രസ്തുത പാക്കേജിന്റെ കാര്യക്ഷമവും സമയബന്ധിതവുമായ തുടർ പ്രവർത്തനത്തിനായി നടപടികൾ സ്വീകരിച്ച് വരുന്നു. IRMA യുടെ പഠനം പൂർത്തീകരിക്കുന്നതിനുള്ള നടപടികളും DPR തയ്യാറാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി EOI ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇത് നടപ്പിലാക്കുന്നതിനായി നിയമിച്ച റിട്ടയേർഡ് ചീഫ് സെക്രട്ടറി എസ്. എം. വിജയാനന്ദ് ചെയർമാനായ എക്സ്പെർട്ട് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ? | (സി) | പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതി നായി മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്. എം. വിജയാനന്ദ് ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. വിദഗ്ധ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഫീൽഡ് തല വിവരങ്ങൾ ശേഖരി ക്കേണ്ടതും അനിവാര്യമായിരുന്നു. ഇതിലേയ്ക്കായി ജീവനോപാധി സംബന്ധിച്ച് പഠനങ്ങൾ നടത്തുന്നതിന് IRMA യെയും Basic human needs, Central Infrastructure, Human Development, Social Service, Self Help Group, Disaster Management എന്നിവ സംബന്ധിച്ച പഠനങ്ങൾ നടത്തുന്നതിന് TISS-നെയും ചുമതലപ്പെടുത്തുകയും പഠനങ്ങൾ ക്കായി 2 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. TISS മായുള്ള MoUഒപ്പ് വെയ്ക്കുകയും ഫീൽഡ് തല പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. IRMA യുമായി ധാരണാപത്രം ഒപ്പ് വെച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. Detailed Project Report മൂന്ന് ഘട്ടങ്ങളായി തയ്യാറാക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും ആവശ്യമായ Expression of Interest –കൾ ലഭിച്ചിരുന്നില്ല. ആയതിനാൽ ജീവനോപാധി പദ്ധതികൾക്ക് മാത്രമായി പിന്നീട് Expression of Interest ക്ഷണിച്ചിരുന്നുവെങ്കിലും മത്സര സ്വഭാവമുള്ള Expression of Interest ലഭ്യമായിരുന്നില്ല. പ്രസ്തുത പാക്കേജിന്റെ കാര്യക്ഷമവും സമയബന്ധിതവുമായ തുടർ പ്രവർത്തനത്തിനായി നടപടികൾ സ്വീകരിച്ച് വരുന്നു. IRMA യുടെ പഠനം പൂർത്തീകരിക്കുന്നതിനുള്ള നടപടികളും DPR തയ്യാറാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികളെ |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കുന്നതിനായി EOI ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ